# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്

**2020 ഫെബ്രുവരി 19 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## കൊറോണ പ്രതിരോധം
## കളക്ടറേറ്റ് കൺട്രോൾ റൂം

ജില്ലയിൽ എൻ കൊറോണ വൈറസ് പോസിറ്റീവ് ആയിരുന്ന വിദ്യാർത്ഥിനിയുടെ പരിശോധനയ്ക്ക് അയച്ച തുടർച്ചയായുള്ള 2 സാമ്പിളുകളുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. ആയതിനാൽ കുട്ടിയെ ഡിസ്ചാർജ് ചെയ്യുന്നതിനായി മെഡിക്കൽ ബോർഡ് യോഗം ചേർന്ന് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

നാളിതുവരെ ആശുപത്രികളിലും വീടുകളിലും നിരീക്ഷണത്തിൽ കഴിഞ്ഞവർ വളരെ വലിയ ത്യാഗം തന്നെയാണ് നാടിനു വേണ്ടി ചെയ്തിട്ടുള്ളത്. ഇവരിൽ ആർക്കും തന്നെ രോഗബാധ ഇല്ല. ബന്ധുക്കൾക്കും വീട്ടുകാർക്കും നാട്ടുകാർക്കും രോഗം വരാതിരിക്കാനുള്ള മുൻകരുതലാണ് ഇവർ ആരുമായും സമ്പർക്കമില്ലാതെ 28 ദിവസം ഒറ്റപ്പെട്ട് കഴിഞ്ഞിരുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ അകമഴിഞ്ഞ് സഹകരിച്ച ഇവരോട് ആരോഗ്യവകുപ്പിന്റെ പ്രത്യേകം നന്ദി അറിയിച്ചു.

ബുധനാഴ്ച ഗവ മെഡിക്കൽ കോളേജിൽ നിന്ന് ഒരാളെയും തൃശൂർ ജനറൽ ആശുപത്രിയിൽ നിന്ന് ഒരാളെയും ഡിസ്ചാർജ് ചെയ്തിട്ടുണ്ട്. നിലവിൽ ഗവ. മെഡിക്കൽ കോളേജിൽ 2 പേർ മാത്രമാണ് ആശുപത്രിയിൽ നിരീക്ഷണത്തിൽ ഉള്ളത്. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവരുടെ എണ്ണം 174 ആണ്.

ബുധനാഴ്ച സാമ്പിൾ ഒന്നും തന്നെ പരിശോധനയ്ക്ക് അയച്ചിട്ടില്ല.

## ജീവനി പദ്ധതിയുടെയും കോൾ ബണ്ടുകളിൽ തെങ്ങ് കൃഷി പദ്ധതിയുടെയും ജില്ലാതല ഉദ്ഘാടനം ഇന്ന് (ഫെബ്രു 20)

കൃഷി വകുപ്പ് നടപ്പിലാക്കുന്ന ജീവനി നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം പദ്ധതിയുടേയും കോൾ ബണ്ടുകളിൽ തെങ്ങ് കൃഷി പദ്ധതിയുടേയും ജില്ലാതല ഉദ്ഘാടനം ഇന്ന് (ഫെബ്രു 20) രാവിലെ 9.30 ന് പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ കൃഷി മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ നിർവ്വഹിക്കും. അനിൽ അക്കര എം.എൽ.എ. അധ്യക്ഷത വഹിക്കും. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് കർഷകരെ ആദരിക്കും. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് രജത ജൂബിലി ആഘോഷങ്ങളുടെ പ്രഖ്യാപനം ജില്ലാ കളക്ടർ എസ് ഷാനവാസ് നിർവഹിക്കും. ബ്ലോക്ക് പഞ്ചായത്ത് ഐ എസ് ഒ പ്രഖ്യാപനം കില ഡയറക്ടർ ജോയ് ഇളമൺ നിർവഹിക്കും.

വിഷരഹിത പച്ചക്കറി കൃഷിയുടെ വ്യാപനം മുൻനിർത്തിയാണ് ജീവനി പദ്ധതി നടപ്പിലാക്കുന്നത്. ചടങ്ങിൽ ജനപ്രതിനിധികൾക്കും മാധ്യമ പ്രവർത്തകർക്കും പച്ചക്കറി തൈകൾ വിതരണം ചെയ്യും. കോൾ ബണ്ടുകളിൽ തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയിൽ പാടശേഖരങ്ങളിലെ ബണ്ടുകളിലും തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ പദ്ധതി

നടപ്പിലാക്കുകയാണ് ലക്ഷ്യം. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ പ്രഖ്യാപനത്തിന്റെ ഭാഗമായി 25 വർഷത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരേയും അംഗങ്ങളേയും ചടങ്ങിൽ ആദരിക്കും. സാംസ്കാരിക വകുപ്പ് ഫെല്ലോഷിപ്പ് പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിശീലനം നൽകിയ കലാരംഗത്തെ വിദ്യാർത്ഥികളുടെ അരങ്ങേറ്റവും ഉണ്ടാകും.

ജൂബിലി വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ തോളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നടപ്പിലാക്കുന്ന സംസ്ഥാനത്തെ മാതൃക ജനകീയ പദ്ധതിയായ ഡയാലിസിസ് യൂണിറ്റ്, സംസ്ഥാനത്തെ പ്രഥമ ബാലസൗഹൃദ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി, അങ്കണവാടി കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതികൾ, സൗരോർജ്ജ പദ്ധതികൾ, വയോജനങ്ങളുടെ പകൽ വീടുകൾ, ജലസേചന പദ്ധതികൾ, പാടശേഖരങ്ങൾക്ക് മോട്ടോർ പമ്പ്സെറ്റുകൾ, വാദ്യകലാകാരൻമാർക്ക് വാദ്യോപകരണങ്ങൾ, കിഡ്നി രോഗ നിർണയ ക്യാമ്പുകൾ, വയോജനങ്ങൾക്ക് യോഗ, യുവതികൾക്ക് കരാട്ടെ, വിദ്യാർത്ഥികൾക്ക് തായ്കോണ്ട, സ്കൂളുകളിൽ ശുചിത്വ സമുച്ചയം, ഇ-ടോയലറ്റുകൾ, കുട്ടികളുടെ പാർക്ക്, റോഡുകൾ, കാനകൾ തുടങ്ങി 111 പദ്ധതികളാണ് നടപ്പിലാക്കുന്നത്.

കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ഫാ. ഡേവീസ് ചിറമ്മൽ, ശ്രീരാമകൃഷ്ണ മഠം പ്രസിഡന്റ് സദ്ഭവാനന്ദ സ്വാമികൾ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും.

## പാലയൂർ അങ്കണവാടി കെട്ടിടത്തിന്റെ ശിലാസ്ഥാപനം ഇന്ന് (ഫെബ്രു.20)

ചാവക്കാട് നഗരസഭ 14-ാം വാർഡിൽ തെക്കൻ പാലയൂർ പ്രദേശത്ത് ആധുനിക രീതിയിലുള്ള അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നു. കെട്ടിടത്തിന്റെ ശിലാസ്ഥാപനം ഇന്ന് (ഫെബ്രു. 20) രാവിലെ 10.30ന് നഗരസഭാ അധ്യക്ഷൻ എൻ. കെ അക്ബർ നിർവ്വഹിക്കും.

14 ലക്ഷം രൂപ ചെലവഴിച്ചാണ് നഗരസഭ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നത്. അങ്കണവാടി നിർമ്മിക്കുന്നതിന് സ്ഥലമില്ലാത്തതിനാൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം 4.5 ലക്ഷം ചെലവഴിച്ച് മൂന്ന് സെന്റ് സ്ഥലം വാങ്ങുകയായിരുന്നു. അങ്കണവാടിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതോടെ ഈ പ്രദേശവാസികളുടെ ദീർഘകാലത്തെ സ്വപ്നം സഫലമാകും.

നഗരസഭാ വൈസ് ചെയർപേഴ്സൺ മഞ്ജുഷ സുരേഷ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വാർഡ് കൗൺസിലർ പി. വി. പീറ്റർ, വിവിധ സ്ഥിരം സമിതി അധ്യക്ഷൻമാർ, നഗരസഭാ സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ പങ്കെടുക്കും.

## വൈദ്യുതി മുടങ്ങും

ഇരിങ്ങാലക്കുട 110 കെ വി സബ് സ്റ്റേഷനിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ പുല്ലൂർ, ഠാണ, അരിപ്പാലം, നടവരമ്പ്, ചേലൂർ, കൊമ്പൊടിഞ്ഞാമാക്കൽ 11 കെ വി ഫീഡറുകളിലും വെള്ളാങ്കല്ലൂർ, പറപ്പൂക്കര 33 കെ വി ഫീഡറുകളിലും ഇന്ന് (ഫെബ്രു.20) രാവിലെ 7 മുതൽ വൈകീട്ട് 4 വരെ വൈദ്യുതി മുടങ്ങുമെന്ന് അസി. എൻജിനീയർ അറയിച്ചു.

## കാട്ടകാമ്പാലിൽ ദുരന്തനിവാരണത്തിന് പ്രാദേശിക റിസോഴ്സ് ഗ്രൂപ്പുകൾ

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിൽ ദുരന്തനിവാരണത്തിന് പ്രാദേശിക റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിച്ചു. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തെയും മറ്റും മുൻനിർത്തിയാണ് പദ്ധതി. ഇതിന്റെ ഭാഗമായി പഞ്ചായത്തിൽ ദുരന്തനിവാരണ വികസന സെമിനാർ സംഘടിപ്പിച്ചു. പഞ്ചായത്തിലെ 16 വാർഡുകളിലും പ്രാദേശിക റിസോഴ്സ് ഗ്രൂപ്പുകൾ പ്രവർത്തിക്കും. പ്രളയം, പ്രകൃതിക്ഷോഭം, വരൾച്ച, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, കടലേറ്റം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ജനങ്ങൾക്ക്

ഭീഷണിയാകുന്ന സാഹചര്യത്തിലാണ് പഞ്ചായത്തിൽ പ്രാദേശിക റിസോഴ്സ് ഗ്രൂപ്പുകളെ സജ്ജമാക്കി ദുരന്തനിവാരണ പദ്ധതി നടപ്പിലാക്കുന്നത്.

പ്രകൃതി ദുരന്തങ്ങളുടെ ആഘാതങ്ങൾ കുറയ്ക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനുമായി പരിശീലനം ലഭിച്ച വ്യക്തികളെ ഉൾക്കൊള്ളിച്ചാണ് പ്രാദേശിക റിസോഴ്സ് ഗ്രൂപ്പുകൾ തയ്യാറാക്കുന്നത്. ഇവരുടെ നേതൃത്വത്തിൽ കരട് ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം നിർദേശങ്ങൾ ചർച്ച ചെയ്യുന്നതിനും പുതിയ നിർദേശങ്ങൾ ഉൾപ്പെടുത്താനും സെമിനാറിൽ കഴിഞ്ഞതായി പഞ്ചായത്ത് അധികൃതർ വ്യക്തമാക്കി. സെമിനാറിൽ ചർച്ച ചെയ്ത നിർദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് തീരുമാനമെന്ന് കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി കെ സദാനന്ദൻ പറഞ്ഞു.

## ഒത്തുപിടിച്ചു, ദേശീയ അംഗീകാരം കൂടെ പോന്നു; പുരസ്കാര നിറവിൽ അഴീക്കോട് ഉഷസ്സ് അയൽക്കൂട്ടം

'ഒത്തൊരുമിച്ചാൽ മലയും പോരും' എന്ന ചൊല്ല് അന്വർത്ഥമാക്കി മികച്ച കുടുംബശ്രീയ്ക്കുള്ള ദേശീയ പുരസ്കാരം ജില്ലയിലെത്തിച്ചിരിക്കുകയാണ് അഴീക്കോട് ഉഷസ്സ് അയൽക്കൂട്ടം. നല്ല രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളെ കണ്ടെത്താൻ നടത്തിയ തെരഞ്ഞെടുപ്പിലാണ് തൃശൂർ ജില്ലാ മിഷന് കീഴിൽ പ്രവർത്തിക്കുന്ന ഉഷസ്സ് വിജയം കണ്ടത്. ചിട്ടയായ പ്രവർത്തനവും പരിശ്രമവുമൊന്നിച്ചാൽ വിജയം തേടിയെത്തുമെന്ന് തെളിയിക്കുകയാണ് ഇവർ. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 34 അയൽക്കൂട്ടങ്ങളെ തെരഞ്ഞെടുത്തതിൽ കേരളത്തിൽ നിന്നുള്ള രണ്ട് യൂണിറ്റുകളിലൊന്നാണ് ഉഷസ്സ്. മറ്റൊന്ന് കോട്ടയം ജില്ലയിലാണ്. 20 അംഗങ്ങളുമായി 2003ലാണ് കുടുംബശ്രീ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നത്. ഓരോരുത്തരും ലോണെടുത്ത് ആരംഭിച്ച കുഞ്ഞുകുഞ്ഞു സംരംഭങ്ങളിലൂടെയാണ് തുടക്കം.

അയൽക്കൂട്ട യോഗം ചേരാൻ ഒരിടം എന്ന നിലയിലാണ് സ്വന്തമായി ഒരു കെട്ടിടം എന്ന ആശയം യൂണിറ്റിന്റെ അമരക്കാരിയും തൃശൂർ കെ എസ് എഫ് ഇ യിലെ ജീവനക്കാരിയുമായ അംബുജം മുന്നോട്ടുവെച്ചത്. അതിനായി ലിങ്കേജ് ലോൺ വഴി ആദ്യം മൂന്ന് സെന്റ് സ്ഥലം സ്വന്തമാക്കി. പിന്നീട് ലാഭം ഒന്നും എടുക്കാതെ സ്വരുക്കൂട്ടിയ പൈസ ഉപയോഗിച്ച് കെട്ടിടവും നിർമിച്ചു. അങ്ങനെ എറിയാട് പഞ്ചായത്തിൽ സ്വന്തമായി കെട്ടിടമുള്ള കുടുംബശ്രീ യൂണിറ്റായി മാറി. പത്തിരി നിർമ്മാണത്തിൽ തുടങ്ങിയ പ്രവർത്തനം ഇന്ന് സ്വന്തമായൊരു കാറ്ററിംഗ് യൂണിറ്റിൽ എത്തി നിൽക്കുന്നു. പതിയെ പലചരക്ക് കച്ചവടവും കോഴി വളർത്തലും ഏറ്റെടുത്തു. കാറ്ററിംഗ് യൂണിറ്റ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാനുള്ള തയ്യാറെടുപ്പിലാണ് ഇവർ.

ഇതിനിടെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ 'ഉണർവ്' എന്ന പേരിൽ അയൽക്കൂട്ട അംഗങ്ങൾ തന്നെ അഭിനയിച്ച ഒരു ആൽബവും ജില്ലാ മിഷന്റെ കീഴിൽ നിർമ്മിച്ചു. അംഗങ്ങളുടെ നിശ്ചയദാർഢ്യത്തിൽ പുത്തൻ സംരംഭങ്ങൾ ഇനിയും ആരംഭിക്കാമെന്ന പ്രതീക്ഷയിലാണ് ഉഷസ്സ് അംഗങ്ങൾ. ഇന്ത്യയിലെ മികച്ച അയൽക്കൂട്ടത്തിനുള്ള ദേശീയ ഗ്രാമ വികസന മന്ത്രാലയത്തിന്റെ പുരസ്കാരം ദേശീയ വനിതാ ദിനമായ മാർച്ച് ഏഴിന് ഡൽഹി വിജ്ഞാൻ ഭവനിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്രമന്ത്രി നരേന്ദ്ര സിംഗ് തോമർ സമ്മാനിക്കും.

***ഫോട്ടോ അടിക്കുറിപ്പ് : ദേശീയ പുരസ്കാര നിറവിൽ അഴീക്കോട് ഉഷസ്സ് അയൽക്കൂട്ടം***

# ആരോഗ്യജാഗ്രത ജില്ലാ തല അവലോകന യോഗം ഇന്ന് (ഫെബ്രു. 20)

പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ യജ്ഞമായ ആരോഗ്യ ജാഗ്രത ജില്ലാ പരിപാടിയുടെ അവലോക യോഗം ഇന്ന് നടക്കും (ഫെബ്രുവരി 20). തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എസ്.സി.മൊയ്തീന്റെ നേതൃത്വത്തിൽ രാവിലെ 11 ന് കിലയിൽ വെച്ചാണ് യോഗം.

# സ്കൂൾ കെട്ടിടത്തിന്റെയും ഓട്ടിസം സെന്ററിന്റെയും ഉദ്ഘാടനം ഇന്ന് (ഫെബ്രു. 20)

കുന്നംകുളം ഗവ എൽ പി സ്കൂളിൽ അടിസ്ഥാന സൗകര്യ വികസന ഫണ്ടായ 60 ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ച സ്കൂൾ കെട്ടിടത്തിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന്റെ ആസ്തി വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് നിർമിച്ച ഓട്ടിസം സെന്ററിന്റെയും ഉദ്ഘാടനം ഇന്ന് (ഫെബ്രു.20) വൈകീട്ട് 3 ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ നിർവഹിക്കും. കുന്നംകുളം നഗരസഭ ചെയർപേഴ്സൻ സീതാരവീന്ദ്രൻ അധ്യക്ഷത വഹിക്കും. ഇതോടനുബന്ധിച്ച് സ്കൂളിന്റെ 135 ാം വാർഷികാഘോഷവും അധ്യാപക രക്ഷാകർത്തൃ ദിനവും സംഘടിപ്പിക്കും.

ചടങ്ങിൽ കലാമണ്ഡലം നിർവാഹക സമിതി അംഗം ടി കെ വാസു, നഗരസഭ വൈസ് ചെയർമാൻ പി എം സുരേഷ്, സ്ഥിരം സമിതി അധ്യക്ഷന്മാരായ മിഷ സെബാസ്റ്റ്യൻ, ഗീത ശശി, കെ കെ മുരളി, സുമ ഗംഗാധരൻ, കെ കെ ആനന്ദൻ, പ്രധാനാധ്യാപിക എം വി ബ്ലെയ്സി എന്നിവർ പങ്കെടുക്കും.

# പട്ടികവർഗ്ഗ ഉപ പദ്ധതി : ജില്ലാതല അവലോകന യോഗം ചേർന്നു

പട്ടികവർഗ്ഗ ഉപ പദ്ധതി ജില്ലാ തല അവലോകന യോഗം കളക്ടർ എസ് ഷാനവാസിന്റെ അധ്യക്ഷതയിൽ ചേർന്നു. 2019- 20 വർഷത്തിലെ വിവിധ പദ്ധതികൾ യോഗം അംഗീകരിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ചാലക്കുടി ട്രൈബൽ ഡെവലപ്മെൻറ് ഓഫീസ് പരിധിയിലെ പ്രീമെട്രിക് ഹോസ്റ്റലുകളുടെ ദൈനം ദിന ചിലവുകൾക്ക് 254817 രൂപ അംഗീകരിച്ചു. 2017 സാമ്പത്തിക വർഷം 18 കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച വെബ്സൈറ്റ് നിർമ്മാണ പദ്ധതിക്ക് സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിന് 132160 അധിക വിഹിതം അനുഭവിച്ചു. അടിയപണിയ പാക്കേജ് പദ്ധതിയിൽ 105050 രൂപ വകയിരുത്തി.

എസ് സി എ ടി എസ് പി കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആടുവളർത്തൽ, വെൽഡിങ് ഉപകരണങ്ങൾ, മരപ്പണി ഉപകരണങ്ങൾ, തെങ്ങു കയറ്റ മെഷീൻ, പെയിന്റിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനു തുക അനുവദിച്ചു. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മുൻ വർഷങ്ങളിൽ അംഗീകാരം ലഭിച്ച 11 പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകാനും യോഗത്തിൽ തീരുമാനമായി. മുക്കുംപുഴ കോളനി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, ലൈഫ് ജാക്കറ്റ് വിതരണം, മൃഗ സംരക്ഷണം, പലചരക്ക് കട എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി. ജില്ലാ പ്ലാനിങ് ഓഫീസർ ടി ആർ മായ, ഡെപ്യൂട്ടി ജില്ലാ പ്ലാനിങ് ഓഫീസർ പി എ ഫാത്തിമ, ട്രൈബൽ ഡെവലൊപ്മെൻറ് ഓഫീസർ ഇ ആർ സന്തോഷ് തുടങ്ങിയവർ പങ്കെടുത്തു.

# ഗവ. മെഡിക്കൽ കോളേജ് മൾട്ടി ഡിസിപ്ലിനറി ഐ സി യു രോഗികൾക്ക് ആശ്വാസമാകുന്നു

ഗവ. മെഡിക്കൽ കോളേജ് ആശുപത്രി മൾട്ടി ഡിസിപ്ളിനറി ഐ.സി.യു. വഴി രോഗികൾക്ക് ലഭ്യമാവുന്നത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ചു നോക്കുമ്പോൾ ദിവസവും പത്തു ലക്ഷം രൂപയുടെ സേവനങ്ങൾ. ഹൃദയം, ശ്വാസകോശം എന്നിവയുമായി ബന്ധപ്പെട്ടും മറ്റ് അടിയന്തര സാഹചര്യങ്ങളിലുമാണ് എം ഡി ഐ സി യു വിൽ രോഗികളെ പ്രവേശിപ്പിക്കുന്നത്. 2014 ൽ തുടങ്ങിയ ഐ.സി.യു.വിൽ ഇതുവരെ 11237 രോഗികളെ പ്രവേശിപ്പിച്ചിട്ടുണ്ട്.

അത്യാസന്ന നിലയിൽ കഴിയുന്ന രോഗികളെ മാത്രമാണ് ഐ.സി.യു.വിൽ പ്രവേശിപ്പിക്കുന്നത്. മൾട്ടി ഡിസിപ്ളിനറി ഐ.സി.യു. കൈകാര്യം ചെയ്യുന്നതിൽ വിദഗ്ധരായ ഡോക്ടർമാരെയും ജീവനക്കാരെയും സേവനത്തിന് ഉപയോഗപ്പെടുത്തിയാണ് മികച്ച സേവനം നൽകുന്നത്. സ്വകാര്യ ആശുപത്രികളിലെ സാമ്പത്തിക ബാധ്യത താങ്ങാനാകാതെ വെന്റിലേറ്റർ സൗകര്യത്തിനായി മാത്രം വരുന്ന രോഗികളും ഉണ്ട്. നിലവിൽ 12 പേർക്കുള്ള കിടത്തി ചികിത്സ സൗകര്യമുണ്ട്. ഒരേ സമയം യൂണിറ്റ് ചീഫടക്കം നാലു പേരും രോഗിയുടെ നിലവിലെ സ്ഥിതി അനുസരിച്ചുള്ള ഡോക്ടർമാരുടെ സേവനവും 24 മണിക്കൂറും ലഭ്യമാണ്. പ്രത്യേക പരിചരണ വിഭാഗത്തിന്റെ നടത്തിപ്പിന് കൃത്യമായ സൗകര്യങ്ങളാണുള്ളത്. അണുവിമുക്തമാക്കാനുള്ള നടപടികളും ശുചീകരത്തിന്റെ ഭാഗമായി ചെയ്തു വരുന്നു. നിരവധി പേരുടെ ജീവൻ രക്ഷിച്ച ആശ്വാസത്തിലാണ് മെഡിക്കൽ കോളേജ് മൾട്ടി ഡിസിപ്ലിനറി ഐ സി യു.

# ലാത്തിയും കൈക്കോട്ടും; പൊട്ടുവെള്ളരിയുമായി പോലീസുകാരുടെ കൃഷിജീവിതം

പോലീസുകാരനാണോ കൃഷിക്കാരനാണോ എന്ന് ചോദിച്ചാൽ ഒരു കാർഷികമനസ്സ് തങ്ങളിൽ ജന്മനായുണ്ടെന്ന് ഷനിലും വിബീഷും ഒരേസ്വരത്തിൽ പറയും. തൃശൂർ ജില്ലയിലെ പുല്ലൂറ്റ് പെരിങ്ങപ്പാടം സ്വദേശികളായ വിബീഷും ഷനിലും പൊട്ടുവെള്ളരി കൃഷിയിൽ നൂറുമേനി വിളയിച്ചിരിക്കുകയാണ്. നെടുമ്പാശ്ശേരി എയർപോർട്ടിൽ സിവിൽ പൊലീസാണ് ഷനിൽ. വിബീഷ് അഴീക്കോട് കോസ്റ്റൽ പോലീസ് സ്റ്റേഷനിലും. കൃഷിയിൽ ഇവർക്ക് കൂട്ടിന് കൂലിപ്പണിക്കാരായ മുട്ടത്താഴം ലെനിനും കാര്യേഴത്ത് ദിലീപും കച്ചവടക്കാരനായ വാടശ്ശേരി സുരേഷ് ബാബുവും കൂടെയുണ്ട്. ജോലിക്കിടയിലും കൃഷിയോടുള്ള താൽപ്പര്യം വിടാതെ സൂക്ഷിച്ച സംഘം സുരേഷ് ബാബുവിന്റെ 80 സെന്റ് സ്ഥലത്താണ് പൊട്ടുവെള്ളരി കൃഷിയിറക്കുന്നത്. സർക്കാരിന്റെ ഹരിതകേരളം പദ്ധതിയുടെ ഭാഗമായാണ് അഞ്ചംഗ സംഘം കൃഷി ചെയ്തത്. 1000 മീറ്ററിൽ ഒൻപത് വരികളായാണ് കൃഷി. 250 ഗ്രാം വിത്താണ് വിതച്ചത്. ഒരു കിലോ വിത്തിന് 10,000 രൂപയാണ്. തികച്ചും ജൈവ മാതൃകയിലായിരുന്നു കൃഷി. കോഴിവിസർജ്ജ്യം, ശർക്കരയും കപ്പലണ്ടി പിണ്ണാക്കും ചേർന്ന മിശ്രിതം, ഗോമൂത്രവും ആട്ടിൻമൂത്രവും ചേർന്ന മിശ്രിതം എന്നിവയാണ് വളമായി ഉപയോഗിക്കുന്നത്. കീടനാശിനിയ്ക്ക് പകരം കീടങ്ങളെ തുരത്താൻ 'സിറമോൺ ട്രാപ്' എന്ന കെണിയാണ് ഉപയോഗിക്കുന്നത്.

10 വർഷമായി സർവ്വീസിലുള്ള വിബീഷ് നാട്ടിലെ അറിയപ്പെടുന്ന നെൽ കർഷകനാണ്. കതിർ എന്ന കൂട്ടായ്മയിൽ അംഗവുമാണ്. ഒരു ചെറുകിട-വീട്ടുകൃഷിയുടെ സ്വഭാവമാണ് എട്ട് വർഷം സർവീസുള്ള ഷനിലിന്റേത്. കൂലിപ്പണിയും കച്ചവടവും ഉപജീവനമായപ്പോഴും കൃഷിയോടുള്ള താൽപര്യമാണ് മറ്റ് മൂവരെയും ഒരുമിച്ച് കൃഷി ചെയ്യാൻ പ്രേരിപ്പിച്ചത്. കൃഷിയുമായി ബന്ധംവെയ്ക്കുന്ന മനസ്സുകൾ സമൂഹത്തിൽ പൊതുവെ കുറഞ്ഞുവരുന്നു എന്ന് തോന്നിപ്പിക്കുന്ന കാലത്താണ് ഇവരെപ്പോലെയുള്ള ചെറുപ്പക്കാർ സമൂഹത്തിന് മാതൃകയാകുന്നത്. വിളവെടുപ്പുത്സവം അഡ്വ. വി ആർ സുനിൽകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. കൊടുങ്ങല്ലൂർ നഗരസഭ വൈസ് ചെയർപേഴ്സൺ ഹണി പീതാംബരൻ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ സി കെ രാമനാഥൻ, കൗൺസിലർ വി ജി രതീഷ് എന്നിവർ പങ്കെടുത്തു.

*ഫോട്ടോ അടിക്കുറിപ്പ്: അഡ്വ വി ആർ സുനിൽകുമാർ എംഎൽഎയോടൊപ്പം ലെനിൻ, വിബീഷ്, ഷനിൽ (ഇടത് നിന്ന്) സുരേഷ്ബാബു, ദിലീപ് (വലത് നിന്ന്) എന്നിവർ പൊട്ടുവെള്ളരി വിളവെടുപ്പിൽ.*

## ലക്ഷ്യ പദ്ധതി തൃപ്രയാറിൽ ആരംഭിച്ചു

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ സ്കൂളുകളിലെ വിദ്യാർഥികൾക്കായി നടപ്പിലാക്കുന്ന ലക്ഷ്യ പദ്ധതി തൃപ്രയാർ ഡിവിഷനിൽ ആരംഭിച്ചു. വിദ്യാർത്ഥികളുടെ കലാ കായിക സാംസ്കാരിക ഉന്നമനമാണ് പദ്ധതിയുടെ ലക്ഷ്യം. പി എസ് സി പരിശീലനം, യോഗ പരിശീലനം, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്, മൈൻഡ് പവർ ട്രയിനിങ്ങ്, നീന്തൽ പരിശീലനം, ഫസ്റ്റ് എയിഡ് പരിശീലനം, കൗൺസിലിങ്ങ്, തുടങ്ങി വിവിധ പരിപാടികളാണ് കുട്ടികൾക്കായി ലക്ഷ്യയിലൂടെ ഒരുങ്ങുന്നത്. എടത്തുരുത്തി സെന്റ് ആൻസ് കോൺവെന്റിൽ നടന്ന പദ്ധതിയുടെ ഉദ്ഘാടനം മണപ്പുറം ജ്വല്ലറി ഗ്രൂപ്പ് എം ഡി സുഷമ നന്ദകുമാർ നിർവഹിച്ചു. ജില്ലാ പഞ്ചായത്തംഗം ശോഭ സുബിൻ അധ്യക്ഷത വഹിച്ചു. മണപ്പുറം ഫൗണ്ടേഷൻ ജി എം ജോർജ് ഡി ദാസ്, പഞ്ചായത്ത് മെമ്പർ അമ്പിളി പ്രിൻസ് എന്നിവർ സംസാരിച്ചു.

*ഫോട്ടോ അടിക്കുറിപ്പ്: തൃപ്രയാറിൽ ആരംഭിച്ച ലക്ഷ്യ പദ്ധതി*

## കളിയും കളിപ്പാട്ട നിർമ്മാണവുമായി മണലൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ മികവിന്റെ കേന്ദ്രം

സംസ്ഥാനത്തെ മികച്ച അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂളുകളിലൊന്നായി മണലൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടു. കളിയിലൂടെ വിദ്യാർത്ഥികളെ ഊർജ്ജസ്വലരാക്കി പഠനത്തിലും നേതൃപാടവത്തിലും സഹകരണ മനോഭാവത്തിലും മുൻപന്തിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തിൽ സ്കൂളിൽ നടപ്പിലാക്കിയ കളിമുറ്റം പദ്ധതിയാണ് സ്കൂളിനെ മികച്ച വിദ്യാലയമായി തെരഞ്ഞടുക്കാൻ കാരണമായത്. മൺമറഞ്ഞു പോയ ഗ്രാമത്തിലെ തനതു കളികളെ ഉണർത്തിയെടുത്ത് വിദ്യാർഥികളെ ശാരീരികവും മാനസികവുമായി ആരോഗ്യമുള്ളവരാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

കുട്ടികളിലെ കളിയോടുള്ള താത്പര്യം കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതിലൂടെ വിശ്രമവേളകൾ കൂടുതൽ ഗുണപ്രദവും വിജ്ഞാനദായകവുമായി തീരുന്നു. കളി കുട്ടികളിൽ അച്ചടക്കവും സഹകരണ മനോഭാവവും പഠനത്തോടുള്ള താത്പര്യവും ഉണ്ടാക്കുന്നുണ്ടെന്ന് അധ്യാപകർ പറഞ്ഞു. പഠനത്തിന്റെ വിരസത ഇല്ലാതെ തന്നെ ഗണിതം, ശാസ്ത്രം, ഭാഷ എന്നിവയുമായി ബന്ധപ്പെട്ട പല കാര്യങ്ങളും കുട്ടികൾ കളിയിലൂടെ മനസ്സിലാക്കുന്നു. കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കാൻ ഈ പദ്ധതി കൊണ്ട് സാധിക്കുന്നു. സ്കൂളിന്റെയും അതിനുമപ്പുറം നാടിന്റെയും വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് പ്രധാന അധ്യാപിക പറഞ്ഞു.

ഒഴിവു സമയത്തു കുട്ടികൾ തനതു കളിയായ തട കളിയിലും മറ്റ് നാടൻ കളികളിലും മുഴുകിയിരിക്കുന്നതും കളിപ്പാട്ട നിർമ്മാണവും പാഴ്വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണവും ഡോക്യുമെന്ററിയുടെ ഭാഗമായി ചിത്രീകരിച്ചു.

തൃശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സുലോചന, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അംഗം സിജി മോഹൻ ദാസ്, മണലൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം ആർ മോഹനൻ, പ്രിൻസിപ്പൽ ഉഷ, പ്രധാന അധ്യാപിക രാജശ്രീ വി കെ, പി ടി എ അംഗങ്ങൾ അധ്യാപകർ എന്നിവർ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ മികവുകളുടെ ഡോക്യുമെന്റേഷൻ ചിത്രീകരണത്തിന് നേതൃത്വം നൽകി.

സംസ്ഥാനത്ത് 24സ്കൂളുകളെയാണ് എസ് സി ഇ ആർ ടി തിരഞ്ഞെടുത്. തൃശൂർ ജില്ലയിൽ നിന്ന് മണലൂർ ഗവ ഹയർ സെക്കന്ററി സ്കൂളും കോടാലി ഗവ.എൽ.പി.സ്കൂളുമാണ് തിരഞ്ഞെടുക്കപ്പെട്ടത്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിലെ അക്കാദമിക മികവ് മനസ്സിലാക്കുന്നതിനായി എസ് സി ആർ ടി നിയോഗിച്ച ഡോ. ഹരികുമാർ, ഡോ.രാമചന്ദ്രൻ കെ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് സ്കൂളുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിയത്.

***ഫോട്ടോ അടിക്കുറിപ്പ് : 1, 2, 3 - കളിയും കളിപ്പാട്ട നിർമ്മാണവുമായി മണലൂർ ഗവ.ഹയർ സെക്കൻഡറി സ്കൂൾ***

# വിമുക്തി ഡി അഡിക്ഷൻ സെന്റർ : വാക്ക് ഇൻ ഇന്റർവ്യൂ 22 ന്

വിമുക്തി പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ഡി- അഡിക്ഷൻ സെന്ററുകളിൽ വിവിധ തസ്തികകളിൽ താത്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ചാലക്കുടി താലൂക്ക് ആശുപത്രി, മാള, ചേർപ്പ്, പഴയന്നൂർ, മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുന്നംകുളം താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലാണ് ഒഴിവുകൾ. സൈകാട്രിസ്റ്റ്, മെഡിക്കൽ ഓഫീസർ, സൈകാട്രിക് സോഷ്യൽ വർക്കർ എന്നിവയാണ് തസ്തികകൾ. സൈകാട്രിസ്റ്റിന്റെ ഒഴിവിലേക്ക് എം. ബി. ബി.എസിനൊപ്പം എം. ഡി./ഡി. പി.എം./ഡി. എൻ. ബി. യോഗ്യതയും മെഡിക്കൽ ഓഫീസറുടെ ഒഴിവിലേക്ക് എം.ബി. ബി.എസ്.(സൈകാട്രിയിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് മുൻഗണന) യോഗ്യതയും സൈകാട്രിക് സോഷ്യൽ വർക്കറുടെ ഒഴിവിലേക്ക് പിജി ഡിപ്ലോമ/എം.ഫിൽ. യോഗ്യതയുമാണ് വേണ്ടത്. അർഹതപ്പെട്ടവർ ഫെബ്രുവരി 22 ന് രാവിലെ 10.00 ന് സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി ജില്ലാ മെഡിക്കൽ ഓഫീസിൽ ഹാജരാകണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

# കുടുംബശ്രീ ജില്ലാതല ബഡ്സ് കലോത്സവം 'കളേഴ്സ് 2020' ഇന്ന് (ഫെബ്രുവരി 20)

കുടുംബശ്രീ സംഘടിപ്പിക്കുന്ന ജില്ലാതല ബഡ്സ് കലോത്സവം 'കളേഴ്സ് 2020' ഇന്ന് (ഫെബ്രുവരി 20)ആരംഭിക്കും. ജില്ലയിലെ ആറ് ബഡ്സ് സ്കൂളിൽ നിന്നും ആറ് ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളിൽ നിന്നും തെരഞ്ഞെടുത്ത നൂറിൽപ്പരം വിദ്യാർത്ഥികളാണ് കലോത്സവത്തിൽ പങ്കെടുക്കുക. തൃശൂർ ടൗൺ ഹാളിൽ ഒമ്പത് മണിയോടെ കലാപരിപാടികൾ ആരംഭിക്കും.

വൈകീട്ട് 3.30 ന് നടക്കുന്ന സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും സമ്മാനദാനവും ഗവ ചീഫ് വിപ്പ് അഡ്വ. കെ.രാജൻ നിർവ്വഹിക്കും. ജില്ലാ കളക്ടർ എസ്.ഷാനവാസ് മുഖ്യാതിഥിയാകുന്ന ചടങ്ങിൽ തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗവുമായ മേരി തോമസ് അധ്യക്ഷത വഹിക്കും. കുടുംബശ്രീ ജില്ലാ മിഷൻ കോ - ഓർഡിനേറ്റർ കെ. വി. ജ്യോതിഷ് കുമാർ ചാവക്കാട് മുനിസിപ്പാലിറ്റി ചെയർമാൻ എൻ. കെ. അക്ബർ എന്നിവർ പങ്കെടുക്കും.

## പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനം

ജില്ലാ പട്ടികജാതി വികസന ഓഫീസ് നടത്തുന്ന വിവിധ പരിശീലന ക്ലാസുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ആറ് മാസത്തെ സർട്ടഫിക്കറ്റ് കോഴ്സുകളായ ഗ്രാഫിക്ക് ഡിസൈനിങ്, വെബ് ഡിസൈനിങ്, 20 ദിവസത്തെ ശിങ്കാരിമേളം പരിശീലനം എന്നിവയ്ക്കാണ് അപേക്ഷ ക്ഷണിച്ചത്. പത്താം ക്ലാസ് യോഗ്യതയുള്ള 18നും 35നും ഇടയിൽ പ്രായമായവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ലഭിക്കേണ്ട അവസാന തിയ്യതി ഈ മാസം 26. ഫോൺ നമ്പർ 0487 2360381.

## ദർഘാസ്

എളനാട് പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് 2019-20 സാമ്പത്തിക വർഷം ലാബ് പ്രവർത്ത നത്തിനുള്ള സാമഗ്രികൾ ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവ സാന തീയതി മാർച്ച് നാല് വൈകീട്ട് നാല് മണി. ഫോൺ: 9605383321.

## ക്വട്ടേഷൻ

തൃശൂർ ജില്ലയിൽ കടൽ സുരക്ഷാ സ്ക്വാഡ് പരിശീലനം പൂർത്തീകരിച്ച മത്സ്യത്തൊഴിലാളി കൾ ഉൾപ്പെടുന്ന മത്സ്യബന്ധന യാനങ്ങളിലേക്ക് വാട്ടർ പ്രൂഫ് ടോർച്ച് ആറെണ്ണം വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 25 ഉച്ച 12 മണി. ഫോൺ: 0487-2441132.

## ....അവസാനിച്ചു....